(21) പാങ്ങോട് പോലീസ് സ്റ്റേഷൻ ചരിത്ര സ്മാരകമാക്കാൻ നടപടി

ശ്രീമതി ജെ. അരുന്ധതി: സർ, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രതീകമാണ് പാങ്ങോട് പോലീസ് സ്റ്റേഷൻ. 1939-ൽ അമിത നികുതിവർദ്ധനവിനെതിരെ സമരം ചെയ്ത കർഷകരിൽ രണ്ടുപേർ പോലീസ് വെടിവയ്പ്പിൽ മരിച്ചു. അവരെ നാട്ടുകാർ ആ പോലീസ് സ്റ്റേഷനുമുന്നിൽ കുഴിച്ചിട്ടു. 1940-ൽ പട്ടാളം കൃഷ്ണനെയും നാരായണൻ ആശാരിയെയും തൂക്കിക്കൊന്നു. അങ്ങനെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ഒരു പോലീസ് സ്റ്റേഷനാണ് പാങ്ങോട് പോലീസ് സ്റ്റേഷൻ. സ്വാതന്ത്ര്യ സമര സേനാനികളുടേയും അവരുടെ കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയും അഭ്യർത്ഥന മാനിച്ച് പാങ്ങോട് പോലീസ് സ്റ്റേഷൻ ഒരു ചരിത്ര സ്മാരകമായി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സർ, ഈ കാര്യം ഗവൺമെന്റ് വളരെ അനുകൂലമായി പരിഗണിക്കുന്നതാണ്.

(22) അദ്ധ്യാപക തസ്തിക

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ വിദ്യാലയങ്ങൾ ആദായകരമല്ല എന്നുപറഞ്ഞുകൊണ്ട് അതിന്റെ ദുഷ്യഫലങ്ങൾ അനുഭവിക്കുന്നത് പാവപ്പെട്ട വിദ്യാർത്ഥികളാണ്. നിരവധി തസ്തികകൾ സംരക്ഷിതാദ്ധ്യാപകരില്ലാത്തതുകാരണം ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ അദ്ധ്യാപകരെ നിയമിക്കണം. അവരൊക്കെതന്നെ ഇന്ന് സമരത്തിലാണ്. സെക്രട്ടേറിയറ്റിനുമുന്നിൽ അനിശ്ചിതകാല സമരം തുടങ്ങിയിട്ട് ഇന്ന് 15 ദിവസം കഴിഞ്ഞിരിക്കുകയാണ്. ശയനപ്രദക്ഷിണമടക്കമുള്ള സമരങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. അൺ ഇക്കണോമിക് വിദ്യാലയങ്ങളാണെങ്കിലും പല ഗവൺമെന്റ് സ്കൂളുകളിലും തസ്തികകൾക്ക് അംഗീകാരം നൽകുന്നുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിലാണ് തസ്തികയ്ക്ക് അംഗീകാരമില്ലാതിരിക്കുന്നത്. അതോടൊപ്പംതന്നെ ഈ അദ്ധ്യപകരൊക്കെത്തന്നെ ഇലക്ഷൻ ഡ്യൂട്ടിയടക്കം സർക്കാർ പറയുന്ന എല്ലാ ഡ്യൂട്ടികളും ചെയ്യുന്നുണ്ട്. പക്ഷേ അദ്ധ്യാപകരായി അംഗീകരിക്കുന്നില്ല. ഇത് അനുഭവിക്കുന്നത് പാവപ്പെട്ട വിദ്യാർത്ഥികളാണ്. അതുകൊണ്ട് ദയവുചെയ്ത് നമ്മുടെ വിദ്യാർത്ഥികൾക്ക് മതിയായ വിദ്യാഭ്യാസം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പി. മോഹനൻ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന വളരെ ദൈന്യമായ ഒരു പ്രശ്നമാണ് അവതരിപ്പിച്ചിട്ടുള്ളതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗവും അപ്പുറവും ഇപ്പുറവുമിരിക്കുന്ന ഒരുപാട് അംഗങ്ങളുമൊക്കെ ആഗ്രഹിക്കുന്നതുപോലെ ഇവരെ ഉടനടി സ്ഥിരപ്പെടുത്തുന്ന ഒരു തീരുമാനം പ്രഖ്യാപിക്കാൻ ഗവൺമെന്റിന് കഴിയാത്തതെന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട അംഗത്തിനും അറിയാം. എന്നിരുന്നാലും ജീവകാരുണ്യപരമായി ഇവരുടെ പ്രശ്നം ഗവൺമെന്റ് കണക്കിലെടുക്കുന്നതാണ്. ഇതിന്റെ പരിഹാരത്തിനുവേണ്ടി ശ്രമിക്കുന്നതാണെന്ന് ഉറപ്പുതരുന്നു.

LIBRARY ARCHIVES Kerala Legislative Assembly